"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മങ്കട ബ്ലോക്ക് പഞ്ചായത്ത് 2007-08, 2008-09 വാർഷിക പദ്ധതികളിൽ വിജയഭേരി പദ്ധതിക്കായി പണം ചെലവഴിച്ചത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1943/2026/LSGD തീയതി,തിരുവനന്തപുരം, 15-10-2026

---

പരാമർശം:- 1. 27-09-2025 തീയതിയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/39412/2024-DPLC1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മങ്കട ബ്ലോക്ക് പഞ്ചായത്ത് 2007-08, 2008-09 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഹൈസ്കൂളുകളിലെ പത്താംക്ലാസ് വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി നടപ്പിലാക്കിയ വിജയഭേരി പദ്ധതിക്കായി ഒരു ലക്ഷം രൂപ വീതം ചിലവഴിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത ഹൈസ്കൂളിന് ധനസഹായം നൽകിയത് കേരള പഞ്ചായത്തു രാജ് ആക്റ്റിന് വിരുദ്ധമായതിനാൽ ഓഡിറ്റ് തടസ്സം രേഖപ്പെടുത്തുകയും ചെലവ് തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദി ആയവരിൽ നിന്നും തുക ഈടാക്കുകയോ വേണമെന്ന് കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിൽ പരാമർശം നടത്തുകയുണ്ടായി.

2. ജില്ലാ പഞ്ചായത്തിൽ നിന്നും വളരെ നാമമാത്രമായ തുകയാണ് സ്കൂളുകൾക്ക് അനുവദിച്ചിരുന്നത് എന്നും പ്രസ്തുത ഫണ്ട് കൊണ്ട് മുഴുവൻ കുട്ടികൾക്കും റിഫ്രഷ്മെന്റ് നൽകുന്നതിന് പോലും തികയില്ല എന്നതുകൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തിയതെന്നും, വകയിരുത്തിയ തുക ഓരോ സ്കൂളിലെയും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് വിതരണം ചെയ്തിട്ടുള്ളതെന്നും, സ്റ്റഡി മെറ്റീരിയൽ വിതരണം, റിഫ്രഷ്മെന്റ്, പരീക്ഷ ചോദ്യപേപ്പർ നൽകൽ എന്നിവയ്ക്കാണ് തുക ചെലവഴിച്ചതെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി മൂലം കുട്ടികളുടെ പഠന നിലവാരത്തിലും വിജയശതമാനത്തിലും പുരോഗതി ഉണ്ടായിരുന്നതായും സാമ്പത്തികമായി വളരെ താഴെത്തട്ടിലുള്ള കുട്ടികൾക്ക് വളരെ ഉപയോഗപ്രദമായിരുന്നു എന്നതിനാലും, സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് വകുപ്പ് പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചിട്ടിട്ടുള്ളതിനാലും പത്താംക്ലാസ് വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി, മങ്കട ബ്ലോക്ക് പഞ്ചായത്ത് 2007-08, 2008-09 എന്നീ വർഷങ്ങളിൽ ഒരു ലക്ഷം രൂപ വീതം ചിലവഴിച്ച നടപടി സാധൂകരിച്ച് നല്കണം എന്ന ബ്ലോക്ക് പഞ്ചായത്തു ഭരണസമിതിയുടെ തീരുമാന പ്രകാരമുള്ള അപേക്ഷ ശിപാർശ പരാമർശ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്താംക്ലാസ് വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി, മങ്കട ബ്ലോക്ക് പഞ്ചായത്ത് 2007-08, 2008-09 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയ വിജയഭേരി പദ്ധതിക്കായി ഒരു ലക്ഷം രൂപ വീതം ചിലവഴിച്ച നടപടി

സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, മലപ്പുറം

സെക്രട്ടറി, മങ്കട ബ്ലോക്ക് പഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ (LSGD-AC2/22/2018-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Jayakrishnan. K
Date: 15-10-2026
15:25:55

സെക്ഷൻ ഓഫീസർ